LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ മയക്കുമരുന്ന് വിൽപ്പന

*20 [19] *ശ്രീ. തോമസ് ചാഴികാടൻ :*

„ *കെ. നാരായണക്കുറുപ്പ് :*

„ *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ മയക്കുമരുന്ന് വിൽപ്പന നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) തടവുകാർക്ക് ലഹരിമരുന്നുകൾ എത്തിച്ചുകൊടുക്കുന്ന സംഘങ്ങളെപ്പറ്റി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) കോടതികളിലും വൈദ്യപരിശോധനയ്ക്കും മറ്റുമായി പുറത്തുപോകുന്ന തടവുകാർ മുഖേനയാണ് ഇത്തരം ലഹരിമരുന്നുകൾ ജയിലിൽ എത്തുന്നതെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പുറത്തുപോയി തിരിച്ചു വരുന്ന തടവുകാരുടെ ദേഹപരിശോധന കർക്കശമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി) :*

(എ) & (ബി) ഇല്ല. എന്നാൽ ചില പ്രതികളിൽനിന്നും മയക്കുമരുന്നുകൾ കണ്ടെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) & (ഇ) ഉണ്ട്. പുറത്തുനിന്നും വരുന്ന പ്രതികളെ കർശനമായി ജയിൽനിയമ പ്രകാരം ജയിൽകവാടത്തിൽവച്ച് ദേഹപരിശോധന നടത്തിയാണ് ജയിലിൽ പ്രവേശിപ്പിക്കുന്നത്. ജയിലിൽ നിരോധിത വസ്തുക്കൾ കടത്തുവാൻ ശ്രമിക്കുന്നത് പിടിക്കപ്പെടാറുമുണ്ട്.

ഹവാല ഇടപാട് സംബന്ധിച്ച അന്വേഷണം

*21 [20] *ശ്രീ. കെ. കെ. ജയചന്ദ്രൻ :*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ :*

„ *പി. സി. ജോർജ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല ഇടപാടുവഴി 700 കോടി രൂപ കേരളത്തിലേക്ക് കടത്തിയത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര അന്വേഷണ ഏജൻസികൾ അന്വേഷണം നടത്തുന്നുണ്ടോ;

(ഡി) കേരളത്തിലേക്ക് കടത്തിക്കൊണ്ടുവരുന്ന കോടിക്കണക്കിനു രൂപയുടെ വിനിയോഗത്തെക്കുറിച്ച് കേന്ദ്രം വിളിച്ചുകൂട്ടിയ ഡി. ജി. പി. മാരുടെ സമ്മേളനത്തിൽ സംസ്ഥാന ഡി. ജി. പി. എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ഇ) 2002-ൽ 336 കോടി രൂപയുടെ ഹവാല പണം കേരളത്തിലെത്തിയതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് കടത്തിക്കൊണ്ടുവരുന്ന കോടിക്കണക്കിന് രൂപയുടെ വിനിയോഗത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ ഇപ്രകാരം എത്തുന്ന പണം എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഐ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും ബാങ്കുകൾ ഹവാല പണമിടപാടുകാർക്ക് കൂട്ടുനിന്നതായി സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) & (ബി) ഹവാല (അനധികൃത പണം കടത്ത്) കേസ് അടിസ്ഥാനപരമായി 'ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട്' (FEMA) പ്രകാരമുള്ള സിവിൽ സ്വഭാവമുള്ള കുറ്റമാണ്. ആയതിനാൽ ഇത്തരം കേസ്സുകൾ അന്വേഷണം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആണ്. ഹവാല ഇടപാടുകൾ പ്രകാരം ലഭിച്ച പണത്തെക്കുറിച്ചോ അതിലുൾപ്പെട്ട ആൾക്കാരെക്കുറിച്ചോ ലഭിക്കുന്ന വിവരങ്ങൾ കൂടുതൽ അന്വേഷണത്തിനായി കേന്ദ്രസർക്കാർ ഏജൻസികളെ ഏൽപ്പിച്ചുവരികയാണ് കേരള പോലീസ് ചെയ്യുന്നത്. 1999-2002 കാലഘട്ടത്തിൽ ദുബായിൽ നിന്ന് മുംബൈയിലേക്ക് ഹവാല രൂപേണയും അവിടെ നിന്ന് കേരളം, കോയമ്പത്തൂർ എന്നിവിടങ്ങളിലേക്ക് ബാങ്കുകൾ വഴിയും 700 ഓളം കോടി രൂപ അയയ്ക്കപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കേരള പോലീസ് ഡയറക്ടർ ജനറൽ എൻഫോഴ്സ്മെന്റ് ഡയറക്ടറിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്. പ്രസ്തുത പണമിടപാടിൽ 14 പ്രധാന വ്യക്തികളുടെ പേരിൽ കൺസർവേഷൻ ഓഫ് ഫോറിൻ എക്സ്ചേഞ്ച് ആന്റ് പ്രിവൻഷൻ ഓഫ് സ്മഗ്ളിംഗ് ആക്ട് പ്രകാരം വാറണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ മലയാളികളായ ചിലരെ അറസ്റ്റ് ചെയ്തു. മറ്റുള്ളവർ ഒളിവിലാണ്. വേറെ 38 പേരുടെ പേരിൽ അഡ്ജുഡിക്കേഷൻ നോട്ടീസ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് നേരിട്ടെടുക്കാവുന്ന കുറ്റം വല്ലതുമുണ്ടോ എന്ന് ക്രൈം ബ്രാഞ്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഹവാല പണം ആത്യന്തികമായി ആർക്കാണ് ലഭിച്ചതെന്നും അത് എന്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്നും എ.ഡി.ജി.പി.

LIBRARY ARCHIVES Kerala Legislative Assembly

(ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിലുള്ള ഇന്റർ സ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഇൻകംടാക്സ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര ഏജൻസികൾ അന്വേഷണം നടത്തുന്നതായി അറിവുണ്ട്.

(ഡി) എല്ലാ കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും ഉൾക്കൊള്ളുന്ന മൾട്ടി ഏജൻസി സെന്റർ ഇതിനെക്കുറിച്ച് അന്വേഷിക്കണം എന്ന നിർദ്ദേശം സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ ഡൽഹിയിൽ നവംബർ മാസത്തിൽ നടന്ന ഡി.ജി.പി. മാരുടെ കോൺഫറൻസിൽ സമർപ്പിക്കുകയുണ്ടായി.

(ഇ) കേരളത്തിലേക്കും കോയമ്പത്തൂരിലേക്കും ഉള്ള ബാങ്കുകളിൽ നിന്നും പണം ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച് മുംബൈ ക്രൈം നം. 111/02യു. എസ്. 465, 467, 468, 471, 120 (ബി) ഐ. പി. സി. ആർ/ഡബ്ള്യു 276 സി. 276 സി. സി. ഓഫ് ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) ഉത്തരം 'എ' യിൽപറഞ്ഞിട്ടുള്ള പ്രകാരം നടത്തിയിട്ടുണ്ട്.

(ജി) ഉത്തരം 'എ' യിൽ പറയുന്ന കേസ് അന്വേഷണത്തിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ എന്തെല്ലാം കാര്യങ്ങൾക്കാണ് പണം വിനിയോഗിച്ചതെന്ന് വ്യക്തമാകുകയുള്ളൂ.

(എച്ച്) ഉണ്ട്. ക്രൈം 313/സി.ആർ./പി.കെ.ഡി./2003/യു.എസ്. 409, 467, 477(എ), 120 (ബി) ഐ. പി. സി.

(ഐ) ഉണ്ട്. കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, മഞ്ചേരി, മലപ്പുറം ജില്ല ജീവനക്കാർ അനധികൃത പണമിടപാട് നടത്തിയതായി വെളിവായിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

*22 [21] *ശ്രീ. ടി. കെ. ബാലൻ :*

ഡോ. തോമസ് ഐസക് :

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യു. ഡി. എഫ്. സർക്കാർ എന്തെല്ലാം കൂടുതൽ അധികാരങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഏതെങ്കിലും അധികാരങ്ങൾ തിരിച്ചു പിടിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly